സംസ്ഥാനങ്ങൾക്ക് 5 ഏക്കറോളം ഭൂമി അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്കായി ഉടമസ്ഥാവകാശം ദേവസ്വം ബോർഡിൽ നിലനിർത്തിക്കൊണ്ട് അനുവദിക്കാൻ തീരുമാനിച്ചിട്ടുണ്ട്. കർണ്ണാടക സർക്കാരിന് 4.5 ഏക്കറോളം ഭൂമി ഈ ആവശ്യത്തിന് അനുവദിച്ച് നൽകിയിട്ടുണ്ട്. എന്നാൽ എഗ്രിമെന്റിലെ ചില വ്യവസ്ഥകൾ പുനഃപരിശോധിക്കണമെന്ന് ആവശ്യപ്പെട്ട് തിരുവിതാംകൂർ ദേവസ്വം എംപ്ലോയീസ് ഫെഡറേഷൻ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ റിട്ട് പെറ്റീഷൻ ഫയൽ ചെയ്തിട്ടുണ്ട്. പ്രസ്തുത കേസ് തീരുമാനമായതിനുശേഷം മാത്രമേ നിർമ്മാണ പ്രവർത്തനങ്ങൾ നടത്താൻ പാടുള്ളൂവെന്ന് കോടതി ഇടക്കാല ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി) ഇതിനെ സംബന്ധിച്ച് നിലവിൽ തീരുമാനങ്ങളൊന്നുമെടുത്തിട്ടില്ല.

ദേവസ്വം ബോർഡുകളിലെ നിയമനം

117 (6822) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരളത്തിലെ വിവിധ ദേവസ്വം ബോർഡുകളിലായി എത്ര ജീവനക്കാരെ നിയമിച്ചിട്ടുണ്ടെന്നുള്ളതിന്റെ വിശദവിവരം നൽകുമോ ;

(ബി) ഇതിൽ പി.എസ്.സി. മുഖേന നിയമനം നടത്തിയ ജീവനക്കാരുടെ വിശദവിവരം നൽകുമോ ;

(സി) ദേവസ്വംബോർഡുകൾ നേരിട്ട് നടത്തിയിട്ടുള്ള നിയമനങ്ങളുടെ വിശദവിവരം നൽകുമോ ?

ഉത്തരം

(എ-സി) ദേവസ്വം ബോർഡുകളിൽ പി.എസ്.സി. മുഖേന നിയമനങ്ങൾ നടത്തുന്നില്ല. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെകീഴിലുള്ള ക്ഷേത്രങ്ങളിൽ 499 തസ്തികകളിലേക്കും ദേവസ്വം എസ്റ്റാബ്ലിഷ്മെന്റിൽ 94 തസ്കകളിലേക്കും ദേവസ്വം ബോർഡിന് കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്ക് 58 തസ്തികകളിലും നിയമനങ്ങൾ നടത്തിയിട്ടുണ്ട്. ഗുരുവായൂർ ദേവസ്വത്തിൽ 49 പേരെയും ദേവസ്വത്തിന് കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ 36 പേരെയും നിയമിച്ചതായി ഗുരുവായൂർ ദേവസ്വം അഡ്മിനിസ്ട്രേറ്റർ അറിയിച്ചിട്ടുണ്ട്. കൊച്ചിൻ ദേവസ്വം ബോർഡിൽ 31 അദ്ധ്യാപക നിയമനങ്ങൾ നടത്തിയിട്ടുള്ളതായി ദേവസ്വം കമ്മീഷണർ അറിയിച്ചിട്ടുണ്ട്. മലബാർ ദേവസ്വം ബോർഡ് രൂപീകരിക്കപ്പെട്ടതിനുശേഷം സമാനനിയമനങ്ങളൊന്നുംതന്നെ നടത്തിയിട്ടില്ല. തിരുവിതാംകൂർ, കൊച്ചി ദേവസ്വം ബോർഡുകളും ഗുരുവായൂർ ദേവസ്വവും നടത്തിയിട്ടുള്ള നിയമനങ്ങളുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly